**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **12-02-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ പാത 66 നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന വികസനത്തിന് ദേശീയപാത 66 ന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിന്റെ സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ ദേശീയപാത വികസനം സാധ്യമാക്കുന്നതിന് പ്രതിജ്ഞാബദ്ധമായാണ് സർക്കാർ പ്രവർത്തിക്കുന്നത്. 2014 ൽ ദേശീയപാത അതോറിറ്റി ഉപേക്ഷിച്ച പദ്ധതി , ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2016 മുതൽ നടത്തിയ പരിശ്രമത്തിന്റെ ഭാഗമായാണ് പുനരാരംഭിച്ചത്. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ബഹു. പ്രധാനമന്ത്രിയേയും, ബഹു. കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയേയും നിരന്തരം സന്ദർശിച്ച് NH66 പ്രവൃത്തി പുനരാരംഭിക്കുന്നതിന് സമ്മർദ്ദം ചെലുത്തുകയും ചെയ്തതിനെത്തുടർന്നാണ് പദ്ധതി പുനരാരംഭിച്ചത്. ദേശീയപാത66 ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ,മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കാമെന്ന് ഉറപ്പ് നൽകിയാണ് പ്രവൃത്തി ആരംഭിക്കുന്ന സാഹചര്യം ഒരുക്കിയത്. ദേശീയപാത 66 ന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 5580,73,80,076/- രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്.<br><br>ഇത് കൂടാതെ വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കലിന്റെ 50% തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക എന്നിവ സംസ്ഥാനം വഹിക്കുന്നതിനും, നിർമ്മാണവസ്തുക്കളുടെ റോയൽറ്റി, ചരക്കുസേവന നികുതിയിലെ സംസ്ഥാന വിഹിതം എന്നിവ വേണ്ട എന്നു വയ്ക്കുന്നതിനും ദേശീയപാത അതോറിറ്റി, കിഫ്ബി, സംസ്ഥാന സർക്കാർ,സി.ആർ.ഡി.പി എന്നിവർ ഉൾപ്പെട്ട ചതുർകക്ഷി കരാർ ഒപ്പിടുന്നതിന് |

| | | | |
|---|---|---|---|
| | | | അനുമതി നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ഏകദേശം 1629.24 കോടി രൂപ ബാധ്യത ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.<br><br>കൊല്ലം ചെങ്കോട്ട ദേശീയപാത 744, എറണാകുളം ബൈപാസ് ദേശീയപാത 544 എന്നീ ദേശീയപാതകളുടെ നിർമ്മാണത്തിന് നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി (സംസ്ഥാന വിഹിതം), റോയൽറ്റി എന്നിവ ഒഴിവാക്കുന്നതിനും സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ സംസ്ഥാനത്തിന് ഏകദേശം 741.35 കോടി രൂപ വേണ്ട എന്ന് വയ്ക്കേണ്ടി വരും.<br><br>ദേശീയപാതകളുടെ വികസനം അവലോകനം ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി/ ചീഫ് സെക്രട്ടറി/ പൊതുമരാമത്ത് വകുപ്പ് മന്ത്രി/മുഖ്യമന്ത്രി തലങ്ങളിൽ നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്, 5.12.2024 ൽ ബഹു മുഖ്യമന്ത്രി നടത്തിയ അവലോകനയോഗത്തിൽ ദേശീയപാത വികസനത്തിലെ നാല് സ്ട്രച്ചുകൾ മാർച്ച് 2025നും, 9 സ്ട്രെച്ചുകൾ ഡിസംബർ 2025 നും, 6 സ്ട്രെച്ചുകൾ മാർച്ച് 2026 നും, 2 സ്ട്രച്ചുകൾ ഡിസംബർ 2026 നും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഓരോ സ്ട്രെച്ചിലെയും പ്രവർത്തി അവലോകനം ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രവർത്തിയുടെ പുരോഗതി വളരെ കുറവായ സ്ട്രെച്ചുകൾ ദേശീയപാത അതോറിറ്റി പ്രത്യേകമായി അവലോകനം ചെയ്യണമെന്നും. ടാർഗറ്റിൽ വീഴ്ച വരുത്തുന്ന പക്ഷം ടെർമിനേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ദേശീയ പാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിർമ്മാണ വസ്തുക്കൾക്ക് ചില സമയങ്ങളിൽ ദൗർലഭ്യം നേരിടുന്നതും , പുതിയതായി Underpass/VUP/LVUP/VOP /Flyover എന്നിവ നിർമ്മിക്കണമെന്ന ആവശ്യവും പ്രവൃത്തി വൈകുന്നതിന് കാരണമാകുന്നു എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചത്. |
| (ബി) | ദേശീയപാത 66 തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള വിവിധങ്ങളായ റീച്ചുകളിൽ നാഷണൽ ഹൈവേ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ച് കരാർ കമ്പനികൾ നിർമ്മാണപ്രവർത്തനങ്ങൾ | (ബി) | എ പിരിവിലെ അതേ ഉത്തരം |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ; | | |
| (സി) | ദേശീയപാതയുടെ നിർമ്മാണത്തിന് ആവശ്യമായ മണ്ണ് ലഭ്യമാകാത്തത് മൂലമുണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | അഷ്ടമുടി, വേമ്പനാട് കായലുകളിലെ ദേശീയജല പാതയിൽ നിന്നും ഡ്രഡ്ജ് ചെയ്ത് എടുക്കുന്ന മണ്ണ് ദേശീയപാത-66 ന് ഉപയോഗിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ദേശീയപാതയുടെ നിർമ്മാണത്തിന് ആവശ്യമായ മണ്ണ് ലഭ്യമാക്കുന്നതിന് Soil Borrow Permission അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും, ഡ്രഡ്ജ് ചെയ്ത മണൽ ദേശീയപാത വികസനത്തിന് ലഭ്യമാക്കുന്നതിനും 05.12.2024 ലെ യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) | ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ ആവശ്യമായ ഗതാഗത സൂചകങ്ങൾ സ്ഥാപിക്കാത്തതുമൂലം റോഡപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വിശദീകരിക്കുമോ? | (ഡി) | ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം ക്രമീകരിച്ചിട്ടുള്ള റോഡുകളിൽIRC മാനദണ്ഡങ്ങൾ പ്രകാരമുള്ളതും, കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ളതുമായ സുരക്ഷാമുൻകരുതലുകൾ പ്രവൃത്തി നടക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾ കൂടി പരിഗണിച്ച ശേഷം സ്ഥാപിക്കാറുണ്ട് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണമെന്ന് വിവിധയോഗങ്ങളിൽ ദേശീയപാത അതോറിറ്റിക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ